## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 389

19/10/2016-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷക സഹായ പദ്ധതികൾ

**ചോദ്യം**

ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ.സി.കെ.ശശീന്ദ്രൻ
ശ്രീ.ഡി.കെ.മുരളി
ശ്രീ.കെ.കുഞ്ഞിരാമൻ

**ഉത്തരം**

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) ക്ഷീരകർഷകർക്ക് വേണ്ടി ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിനും തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുമായി എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ;

(എ) സംസ്ഥാനത്ത് ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള കേരളാ ഫീഡ്സ് എന്ന സ്ഥാപനവും കൂടാതെ സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റയുടെ ഗുണമേന്മ പരിശോധിക്കുന്നതിന് ക്ഷീര വികസന വകുപ്പിന്റെ കീഴിൽ NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷനോടു കൂടിയ ലാബും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്.

2016-17 വർഷം 2045 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് 20,000 രൂപ സബ്സിഡി നൽകുന്നു. കൂടാതെ പുൽകൃഷിയ്ക്ക് ആവശ്യമായ ജലസേചനം ഒരുക്കുന്നതിനും യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നു. കൂടാതെ അഞ്ച് വനിതകൾ അടങ്ങിയ സ്വാശ്രയ ഗ്രൂപ്പുകൾക്ക് ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലത്ത് പുൽകൃഷി നടത്തുന്നതിന് ഗോപാലിക പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്.

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിലുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം

കർശനമായ പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. കാലിത്തീറ്റ ഫാക്ടറികളുടെ പഴക്കം ചെന്ന യന്ത്രസാമഗ്രികൾ മിക്കവയും അത്യാധുനിക യന്ത്രസാമഗ്രികളാൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇത് ഫാക്ടറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. മിൽമയുടെ കീഴിലുള്ള 3 മേഖലാ യൂണിയനുകൾ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നവയുൾപ്പെടെയുള്ള പാലിന്റെയും മറ്റ് ക്ഷീരോല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം,കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്. കൂടാതെ സ്ഥിരമായി മാർക്കറ്റ് സാമ്പിളുകൾ ശേഖരിച്ച് ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പരിശോധിച്ച് പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതിയതായി തുടങ്ങിയ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനവും പരിശോധനയ്ക്കായി ഉപയോഗപ്പെടുത്തുന്നതാണ്. പ്രത്യേകമായി ഓണക്കാലത്ത് ഇതരസംസ്ഥന പാൽ പരിശോധനയ്ക്കായി ചെക്ക് പോസ്റ്റിൽ സംവിധാനം ഏർപ്പെടുത്താറുണ്ട്.

(സി) ക്ഷീര സഹകരണ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനും പദ്ധതികൾ ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ ?

(സി) ക്ഷീര സഹകരണ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി 2016-17 ൽ 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വമുള്ള പാൽ സംഭരണ മുറി, ഗോഡൗൺ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിനും AMCU (Automatic Milk Collection Unit) സ്ഥാപിക്കുന്നതിനും ഇതര ആവശ്യങ്ങൾക്കുമായി ധനസഹായം നൽകുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ

യൂണിയനുകൾ ക്ഷീരോല്പാദക സംഘങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബി.എം.സി (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ, പ്രവർത്തന ഫണ്ടിനായി ധനസഹായം എന്നിവ നൽകിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.